# ഇലന്തൂർ സർവ്വീസ് സഹകരണബാങ്ക് (ക്ലിപ്തം) നമ്പർ 460
# ഇലന്തൂർ പി. ഒ.

# മെമ്പേഴ്സ് മ്യൂച്ചൽ ബനിഫിറ്റ് ഫണ്ട് സ്കീം

1 മെമ്പേഴ്സ് മ്യൂച്ചൽ ബനിഫിറ്റ് ഫണ്ട് സ്കീം എന്ന പേരിൽ അറിയപ്പെടുന്ന ഈ പദ്ധതിക്ക്........................ മാസ കാലാവധി ആയിരിക്കുന്നതാണ്.

2. ഈ പദ്ധതി എല്ലാ മാസവും .......................... തീയതിക്ക് മുമ്പായി ...................... രൂപാ വീതം അടയ്ക്കേണ്ടതാണ്. അർഹരായ നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള യോഗം എല്ലാ മാസവും ..................ാം തീയതി നടത്തുന്നതാണ്. 30% ഇളവിൽ നിക്ഷേപപദ്ധതി നറുക്കെടുപ്പിന് നിക്ഷേപകൻ തയ്യാറാകത്ത പക്ഷം അന്നേദിവസം 5% ത്തിനുമേൽ ലേലം നടത്താവുന്നതും അർഹതയുള്ള നിക്ഷേപകനെ കണ്ടെത്താവുന്നതുമാണ്.

3. ഏതെങ്കിലും കാരണവശാൽ നിക്ഷേപകരുടെ യോഗം ചേരുന്നതിന് നിശ്ചയിച്ചിട്ടുള്ള ദിവസം പൊതു അവധിയായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം യോഗനടപടികൾ ഉണ്ടായിരിക്കുന്നതാണ്.

4. തൻമാസത്തെ നിക്ഷേപത്തുക അടയ്ക്കാത്ത നിക്ഷേപകന് നറുക്കെടുപ്പ്/ലേലയോഗത്തിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

5. ഈ ഫണ്ടിലെ അംഗത്വമുള്ള ഗ്രൂപ്പിലെ കാലാവധിക്കുശേഷം ലഭിക്കാവുന്ന നിക്ഷേപതുകയുടെ 5% ബാങ്കിന്റെ ഗാരന്റി ഫീസായി ഈടാക്കിയതിനുശേഷം വരുന്ന തുകയാണ് ഓരോ മാസവും സ്വരൂപിക്കുന്ന തുകയിൽനിന്നും സഹായധനമായി നൽകുക. സഹായധനമായി അംഗത്തിനെ തീരുമാനിക്കാൻ കൂടുന്ന യോഗത്തിൽ പരസ്പര ധാരണയിലൂടെ / നുറുക്കെടുപ്പിലൂടെ അംഗത്തെ തീരുമാനിക്കുമ്പോൾ ഗ്രൂപ്പിലെ കാലാവധിക്കുശേഷം ലഭിക്കാവുന്ന നിക്ഷേപത്തുകയുടെ പരമാവധി 30% മാത്രമേ ഇളവ് അനുവദിക്കാൻ പാടുള്ളു.

6. തുടർച്ചയായി മൂന്നുമാസം ഗഡുസംഖ്യ അടവിൽ വീഴ്ച വരുത്തുന്ന നിക്ഷേപകനെ മാറ്റി പകരം മറ്റേതെങ്കിലും അംഗത്തെ മാറ്റിച്ചേർക്കുന്നതിന് ബാങ്കിന് അധികാരമുണ്ടായിരിക്കുന്നതാണ്. വിഴ്ചവരുത്തിയ നിക്ഷേപകന്റെ ഗഡുസംഖ്യ തുടർന്ന് അടയ്ക്കുന്നതിന് ബാങ്കിന് അധികാരമുള്ളതാണ്

7. കരാർ പ്രകാരമുള്ള ഗഡു സംഖ്യ അടയ്ക്കാതെ മുടക്കം വരുത്തുന്ന നിക്ഷേപകന് ടി. യാൾ അടച്ചിട്ടുള്ള നിക്ഷേപതുക ബാങ്കിന്റെ സർവ്വീസ് ഇനത്തിൽ നിശ്ചിത തുക ഈടാക്കികൊണ്ട് ഫണ്ടിന്റെ കാലാവധിക്കുശേഷം മടക്കി നൽകുന്നതാണ്.

8. അംഗത്തിന് ഒരു ഗ്രൂപ്പിൽ ഒരു യൂണിറ്റിൽ കൂടുതൽ നിക്ഷേപിക്കാൻ പാടുള്ളതല്ല.

9. സഹായധനം ലഭിച്ചിട്ടില്ലാത്ത നിക്ഷേപകർ മാസം തോറും അടയ്ക്കേണ്ട തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിക്ഷേപകൻ ആ തുക പിന്നീട് അടയ്ക്കുമ്പോൾ നിക്ഷേപത്തുകയോടൊപ്പം ബാങ്ക് സ്വീകരിക്കുന്ന സ്ഥിരനിക്ഷേപത്തിന് പരമാവധി നൽകുന്ന പലിശയോടുകൂടി അടുത്ത യോഗനടപടിക്കുമുമ്പായി അടയ്ക്കേണ്ടതാണ്.

10. സഹായധനം സ്വീകരിച്ച നിക്ഷേപകൻ ഗഡുസംഖ്യയിൽ വീഴ്ചവരുത്തിയാൽ ബാങ്കിന്റെ സ്വന്തം ഫണ്ടിൽ നിന്നും കാലാകാലങ്ങളിൽ നൽകുന്ന വായ്പയ്ക്ക് ഈടാക്കാവുന്ന പലിശയോടുകൂടി തിരച്ചടയ്ക്കാവുന്നതാണ്.

11. സഹായധനം സ്വീകരിച്ച നിക്ഷേപകൻ ഗഡുസംഖ്യയിൽ വീഴ്ചവരുത്തിയാൽ ബാങ്കിൽ നിന്നും വായ്പ നൽകിയതായി പ്രമാണങ്ങൾ പ്രകാരം കണക്കാക്കി സഹകരണസംഘം നിയമപ്രകാരമുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

12. നിക്ഷേപ പദ്ധതിയിലെ തുക നറുക്കെടുപ്പിലൂടെ/ധാരണയിലൂടെ ലഭിക്കുന്ന നിക്ഷേപകന് അടുത്ത ഭരണസമിതി നശ്ചയിക്കുന്ന ജാമ്യത്തിൻമേൽ 45 ദിവസത്തിനുശേഷം പണം അനുവദിക്കുന്നതാണ്.

13. മതിയായ ജാമ്യം തരാത്ത നിക്ഷേപകന്റെ തുക സ്പെഷ്യൽ സേവിംഗ്സ് അക്കൗണ്ടായി ബാങ്കിൽ സൂക്ഷിക്കേണ്ടതാണ്.

14. വീഴ്ച വരുത്തിയ നിക്ഷേപകരിൽനിന്നും തുകയ്ക്ക് ദിവസം എണ്ണി പലിശ കണക്കാക്കുന്നതാണ്.

1214

15. ഒന്നാം നമ്പരായി നിക്ഷേപകൻ അടയ്ക്കുന്ന തുക യോഗനടപടി കൂടാതെ ബാങ്കിന് ലഭിക്കുന്നതാണ്.

16. സഹായധനം സ്വീകരിച്ച നിക്ഷേപകൻ തവണ വീഴ്ച വരുത്തിയാൽ ഗഡുസംഖ്യ ഇളവ് ഇല്ലാതെ അടയ്ക്കേണ്ടതാണ്.

17. സഹകരണസംഘം ജോയിന്റ് രജിസ്ട്രാരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടി ഈ നിബന്ധനയിൽ ഭേദഗതി വരുത്താൻ ബാങ്കിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

മേൽ വിവരിച്ച എല്ലാ വ്യവസ്ഥകളും മനസിലാക്കുകയും അംഗീകരിക്കുകയും ചെയ്തുകൊള്ളുന്നു.

അംഗനമ്പർ :

നിക്ഷേപകന്റെ പേരും ഒപ്പും :

മേൽവിലാസം :

ഫോൺ നമ്പർ / വാട്സാപ്പ് നമ്പർ :

തൊഴിൽ :

വയസ് :

അവകാശിയുടെ പേര് :

വിലാസം :

നിക്ഷേപകനുമായുള്ള ബന്ധം :

തീയതി ഒപ്പ്

സാക്ഷി

പേര് ഒപ്പ്

മേൽവിലാസം തീയതി

*(ആഫീസ് ഉപയോഗത്തിന്)*

ഈ പദ്ധതി പ്രകാരമുള്ള വ്യവസ്ഥകൾ ............................ ാം നമ്പർ അംഗം ............................
അംഗീകരിക്കുകയും എന്റെ മുമ്പാകെ ............................ (സാക്ഷിയുടെ പേര്)
സാന്നിദ്ധ്യത്തിൽ ഒപ്പിടുകയും ചെയ്തിട്ടുള്ളതാണെന്ന് സർട്ടിഫൈ ചെയ്തുകൊള്ളുന്നു.

ബാങ്കിനുവേണ്ടി
ജീവനക്കാരന്റെ
പേരും തസ്തികയും

തീയതി ഒപ്പ്

സെക്രട്ടറി (ഒപ്പ്)